**ചരമോപചാരം**

മി. സ്പീക്കർ : മുൻ കേരള ഗവർണ്ണർ സുഖ്ദേവ് സിങ് കാങ്, മന്ത്രി മാരായിരുന്ന കെ. പങ്കജാക്ഷൻ, എൻ.രാമകൃഷ്ണൻ, കേരള നിയമസഭാംഗ ങ്ങളായിരുന്ന പി. ഗോവിന്ദപ്പിള്ള, ആർ. പ്രകാശം, എ. അലിഹസ്സൻ, പി.വി. വർഗ്ഗീസ് വൈദ്യർ, കെ.ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്, കെ.പി. രാഘവ പൊതുവാൾ, തിരു-കൊച്ചി നിയമസഭാംഗമായിരുന്ന കെ. എസ്. കൃഷ്ണ ശാസ്ത്രി എന്നിവർ അടുത്ത കാലത്ത് നിര്യാതരായി.

**സുഖ്ദേവ് സിങ് കാങ്**

മുൻ കേരള ഗവർണ്ണർ സുഖ്ദേവ് സിങ് കാങ് 2012 ഒക്ടോബർ 12-ന് അന്തരിച്ചു. കേരളത്തിന്റെ പതിനാലാം ഗവർണറായിരുന്ന സുഖ്ദേവ് സിങ്കാങ് പഞ്ചാബിലെ ലുധിയാനയിൽ കർഷക കുടുംബത്തിലെ അംഗ മായിരുന്നു. നിയമപഠനത്തിനുശേഷം 1964-ൽ അദ്ദേഹം ഹൈക്കോടതിയിൽ അഭിഭാഷകനായി. 1971-ൽ സുഖ്ദേവ് സിങ് കാങ് പഞ്ചാബിലെ അഡീഷണൽ അഡ്വക്കേറ്റ് ജനറലായി. 1979 മുതൽ പത്ത് വർഷക്കാലം അദ്ദേഹം പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിൽ ജഡ്ജിയായി സേവന മനുഷ്ഠിച്ചു. 1989-ൽ ജമ്മുകാശ്മീർ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായി നിയമിതനായ അദ്ദേഹം 1993-ൽ വിരമിച്ചു. 1997 ജനുവവരി 25-ന് കേരള ഗവർണ്ണറായി ചുതലയേറ്റ കാങ് 2002 ഏപ്രിൽ 18 വരെ ആ സ്ഥാനത്ത് തുടർന്നു. ഇ.കെ. നായനാരുടെയും എ.കെ. ആന്റണിയുടെയും മന്ത്രിസഭ കളുടെ ഭരണകാലത്ത് ഗവർണ്ണറായിരുന്ന കാങ് കേരളത്തെ സ്നേഹിക്കു കയും സംസ്ഥാനത്തിന്റെ വികസനത്തിന് പ്രത്യേക പരിഗണന നൽകുകയും

ചെയ്തു. ഗവർണർ പദവിയിൽ നിന്നും വിരമിച്ചശേഷം അദ്ദേഹം ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗമായി നിയമിതനായി. സുഖ്ദേവ് സിങ്കാങിന്റെ നിര്യാണത്തോടെ പ്രമുഖനായ ഒരു നിയമജ്ഞനേയും കേരളത്തെ സ്നേഹിച്ച, കേരളത്തിന്റെ വികസനത്തിനായി സംഭാവനകൾ നൽകിയ നല്ലൊരു ഭരണാധികാരിയേയുമാണ് നഷ്ടമായത്.

**കെ. പങ്കജാക്ഷൻ**

മുൻ മന്ത്രിയും ആർ.എസ്.പി. നേതാവുമായിരുന്ന കെ. പങ്കജാക്ഷൻ 2012 ആഗസ്റ്റ് 28-ന് അന്തരിച്ചു. തിരുവനന്തപുരം ജില്ലയിൽ പേട്ടയിൽ എം.കേശവന്റെയും കെ. ലക്ഷ്മിയുടെയും മകനായി 1928 ജനുവരി 25-ന് കെ. പങ്കജാക്ഷൻ ജനിച്ചു. വിദ്യാർത്ഥിയായിരിക്കെ ട്രാവൻകൂർ സ്റ്റുഡന്റ്സ് കോൺഗ്രസ്സിലൂടെയാണ് പൊതുപ്രവർത്തന രംഗത്ത് അദ്ദേഹം എത്തിയത്. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളോടും ദേശീയ പ്രസ്ഥാനങ്ങളോടും അനുഭാവം പ്രകടിപ്പിച്ചിരുന്ന കെ. പങ്കജാക്ഷൻ കേരള സോഷ്യലിസ്റ്റ് പാർട്ടിയിലും തുടർന്ന് ആർ.എസ്.പി.-യിലും അംഗമായിരുന്നു. തൊഴിലാളികളുടെ അവകാശങ്ങൾക്കായുള്ള സമരങ്ങളിലും സത്യാഗ്രഹങ്ങളിലും മുൻ നിരക്കാരനായി രാഷ്ട്രീയത്തിൽ സജീവമായ കെ. പങ്കജാക്ഷൻ 5 തവണ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1970-ൽ നാലാം കേരള നിയമസഭ യിലേയ്ക്ക് തിരുവനന്തപുരം രണ്ടാം മണ്ഡലത്തിൽ നിന്നും 1977-ൽ അഞ്ചാം കേരള നിയമസഭയിലേയ്ക്ക് തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിൽ നിന്നും 1980-ൽ ആറാം കേരള നിയമസഭയി ലേയ്ക്കും 1982-ൽ ഏഴാം കേരള നിയമസഭയിലേയ്ക്കും 1987-ൽ എട്ടാം

കേരള നിയമസഭയിലേയ്ക്കും ആര്യനാട് നിയോജകമണ്ഡലത്തിൽ നിന്നും ആർ.എസ്.പി. പ്രതിനിധിയായി കെ. പങ്കജാക്ഷൻ തെരഞ്ഞെടുക്കപ്പെട്ടു. മന്ത്രിസഭാംഗമെന്നതിനു പുറമേ ഗവൺമെന്റ് ചീഫ് വിപ്പ്, പ്രതിപക്ഷ ചീഫ് വിപ്പ് തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുള്ള കെ. പങ്കജാക്ഷന്റെ രണ്ടു പതിറ്റാണ്ടോളം നീണ്ട നിയമസഭാംഗമെന്ന നിലയ്ക്കുള്ള പ്രവർത്തനം തികച്ചും അന്യൂനമായിരുന്നു. 1976-ൽ അച്ചുതമേനോൻ മന്ത്രിസഭയിലാണ് കെ. പങ്കജാക്ഷൻ ആദ്യമായി മന്ത്രിയാകുന്നത്. തുടർന്ന് 1977-79 കാലയളവിൽ കെ. കരുണാകരൻ, എ.കെ. ആന്റണി, പി.കെ. വാസുദേവൻ നായർ മന്ത്രിസഭകളിലും 1987-91 കാലയളവിൽ ഇ.കെ. നായനാർ മന്ത്രിസഭ യിലും അദ്ദേഹം അംഗമായി. നായനാർ മന്ത്രിസഭയിൽ തൊഴിലും പുനരധിവാസവും വകുപ്പിന്റെയും മറ്റ് മന്ത്രിസഭകളിൽ പൊതുമരാമത്ത് വകുപ്പിന്റെയും ചുമതല വഹിച്ചിരുന്ന കെ. പങ്കജാക്ഷൻ ഒരു തവണ സ്പോർട്സ് വകുപ്പും കൈകാര്യം ചെയ്തിരുന്നു. ഭരണ രംഗത്ത് ദീർഘ വീക്ഷണത്തോടെ പല വികസന പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തിരുവനന്തപുരം-കഴക്കൂട്ടം ബൈപ്പാസിന്റെ നിർമ്മാണം തുടങ്ങിവച്ചത് ഇതിനൊരു ഉദാഹരണമാണ്. പുതിയ നിയമസഭാ മന്ദിരത്തിന്റെ നിർമ്മാണ ചുമതലകൾക്ക് മേൽനോട്ടം വഹിക്കുവാനും നിർദ്ദേശങ്ങൾ നൽകുവാനുമായി രൂപീകൃതമായ കമ്മിറ്റിയിൽ കെ. പങ്കജാ ക്ഷൻ അംഗമായിരുന്നു. തൊഴിലാളികൾക്കായി നിരവധി ക്ഷേമനിധി ബോർഡുകൾ നിലവിൽ വന്നതും അദ്ദേഹത്തിന്റെ കാലത്താണ്. ആർ.എസ്. പി. കേന്ദ്ര സംസ്ഥാന കമ്മിറ്റികളുടെ സെക്രട്ടറി, ആർ.എസ്.പി. ജനറൽ സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ തുടങ്ങിയ

നിലകളിൽ കെ. പങ്കജാക്ഷൻ പ്രവർത്തിച്ചിട്ടുണ്ട്. 5-10-1955-ൽ കോർപ്പറേഷൻ കൗൺസിലർ ആയിരിക്കെ നിയസഭാ മന്ദിര പരിസരത്തുവച്ച് പോലീസ് ലാത്തിചാർജ്ജിൽ അദ്ദേഹത്തിന് മർദ്ദനമേറ്റ സംഭവമാണ് നിയമസഭയുടെ പ്രിസിംഗ്സിന്റെ നിർവ്വചനം സഭാനടപടി ചട്ടങ്ങളിൽ ചേർക്കുവാൻ കാരണമായത്. രാഷ്ട്രീയത്തോടൊപ്പം സ്പോർട്സിലും തൽപ്പരനായിരുന്ന കെ. പങ്കജാക്ഷൻ കേരള സ്പോർട്സ് കൗൺസിലിന്റെയും കേരള വോളി ബോൾ അസോസിയേഷന്റേയും പ്രസിന്റായിരുന്നിട്ടുണ്ട്. കെ. പങ്കജാക്ഷന്റെ നിര്യാണത്തോടെ സംശുദ്ധവും സമരോജ്വലവുമായ പൊതുജീവിതത്തിന്റെ പ്രതീകമായിരുന്ന പൊതുപ്രവർത്തകനേയും പക്വമതിയായ ഒരു ഭരണാധികാരിയേയുമാണ് നഷ്ടമായിരിക്കുന്നത്.

**<u>എൻ. രാമകൃഷ്ണൻ</u>**

മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന എൻ. രാമകൃഷ്ണൻ 2012 ഒക്ടോബർ 1-ന് അന്തരിച്ചു. കണ്ണൂർ അഞ്ചരകണ്ടി മസനാവത്ത് കെ. രാഘവന്റെയും നാരായണിയുടെയും മകനായി 1941 മാർച്ച് 13-ന് എൻ.രാമകൃഷ്ണൻ ജനിച്ചു. 1956-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് സംഘടിപ്പിച്ച പദയാത്രയിൽ പങ്കെടുത്ത് രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച എൻ. രാമകൃഷ്ണൻ ബീഡി തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ അവകാശ സംരക്ഷണ സമരങ്ങൾക്ക് നേതൃത്വം നൽകി. 1970-ൽ നാലാം കേരള നിയമസഭയിലേയ്ക്ക് എടക്കാട് നിയോജകമണ്ഡലത്തിൽ നിന്നും 1991-ൽ ഒമ്പതാം കേരള നിയമസഭയിലേയ്ക്ക് കണ്ണൂർ നിയോജകമണ്ഡലത്തിൽ നിന്നും കോൺഗ്രസ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

തൊഴിലാളികളുടെ പ്രശ്നങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകമായ താൽപ്പര്യമെടുത്തിരുന്നു. 1991-ൽ കെ. കരുണാകരൻ മന്ത്രിസഭയിൽ അദ്ദേഹം തൊഴിൽ വകുപ്പ് മന്ത്രിയായി. പിന്നീട് കുറച്ചുകാലം വനംവകുപ്പിന്റെ ചുമതല കൂടി നിർവ്വഹിച്ചു. മന്ത്രിസഭാംഗമായിരിക്കെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള നിരവധി നടപടികൾ കൈക്കൊള്ളുവാൻ അദ്ദേഹത്തിന് സാധിച്ചു. കണ്ണൂർ ഡി.സി.സി. പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി, കെ.പി.സി.സി. ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള എൻ. രാമകൃഷ്ണൻ കണ്ണൂർ നഗരസഭാ ചെയർമാൻ, കേരള ഹാൻഡ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, നാഷണൽ ഹാൻഡ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, എസ്.എസ്.ഐ. ബോർഡ് എന്നിവയിലെ അംഗം തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. കോൺഗ്രസ് സേവാദൾ ചെയർമാനായി പ്രവർത്തിച്ചു വരികയായിരുന്ന എൻ. രാമകൃഷ്ണന്റെ നിര്യാണത്തോടെ മികച്ച ഒരു സംഘാടകനേയും ജന സമ്മതനായ ഒരു തൊഴിലാളി നേതാവിനെയുമാണ് കേരളത്തിന് നഷ്ടമായിരിക്കുന്നത്.

## പി. ഗോവിന്ദപ്പിള്ള

മുൻ നിയസഭാംഗം പി. ഗോവിന്ദപ്പിള്ള 2012 നവംബർ 22-ന് അന്തരിച്ചു. പെരുമ്പാവൂർ പുല്ലുവഴിയിൽ പരമേശ്വരൻ പിള്ളയുടെയും പാറുക്കുട്ടി അമ്മയുടെയും മകനായി 1926 മാർച്ച് 26-ന് പി. ഗോവിന്ദപ്പിള്ള ജനിച്ചു. മുംബൈ സെന്റ് സേവ്യേഴ്സ് കോളേജിൽ വിദ്യാർത്ഥിയായിരിക്കെ അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ സജീവമായി. 'ക്വിറ്റ് ഇൻഡ്യ' സമര

ത്തിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം 1945-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1951-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രതിനിധിയായി തിരു-കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1957-ൽ ഒന്നാം കേരള നിയമസഭയിലേയ്ക്ക് പെരുമ്പാവൂരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പി. ഗോവിന്ദപ്പിള്ള 1967-ൽ ഒന്നാം കേരള നിയമസഭയിലും അംഗമായി. ഒന്നാം കേരള നിയമസഭയിലെ ലൈബ്രറി അഡ്വൈസറി കമ്മിറ്റി ചെയർമാനായിരുന്നു പി.ഗോവിന്ദപ്പിള്ള. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, പ്രസ് അക്കാഡമി എന്നിവയുടെ ചെയർമാൻ, കേരള, കാലികറ്റ് യൂണിവേഴ്സിറ്റികളുടെ സെനറ്റ് അംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള പി. ഗോവിന്ദപ്പിള്ള സി-ഡിറ്റ് സ്ഥാപക ഡയറക്ടാറായിരുന്നു. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാന എക്സ്ക്യൂട്ടീവിലും പുരോഗമന കലാ സാഹിത്യ സംഘത്തിലും കേന്ദ്ര സാഹിത്യ അക്കാഡമിയിലും പ്രവർത്തിച്ചിട്ടുണ്ട്. സാംസ്കാരിക രംഗത്ത് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പി. ഗോവിന്ദപ്പിള്ള ദേശാഭിമാനി ചീഫ് എഡിറ്ററായി ദീർഘകാലം പ്രവർത്തിച്ചു. 'ഇപ്റ്റ' സംസ്ഥാന വൈസ് പ്രസിഡന്റ്, കൈരളി, ജനശക്തി ഫിലിം സൊസൈറ്റികളുടെ സ്ഥാപകാംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുള്ള പി. ഗോവിന്ദപ്പിള്ള വായന ഒരു ജീവിതചര്യയാക്കി മാറ്റി. വിശ്വപൗരൻ എന്ന നിലയിൽ ലോകത്ത് എവിടെയുമുള്ള മാനുഷിക പ്രശ്നങ്ങളോട് സത്യസന്ധമായി പ്രതികരിച്ച വ്യക്തിയായിരുന്നു പി. ഗോവിന്ദപ്പിള്ള. ഏതു വിഷയവും പൂർണ്ണമയി പഠിച്ച് അവതരിപ്പിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കേരളത്തിന്, ലോകത്തിന്റെ മുമ്പിൽ

ചൂണ്ടിക്കാണിക്കുവാൻ കഴിയുന്ന ഒരു സാംസ്കാരിക പ്രതിഭയുടെ നഷ്ട മാണ് പി. ഗോവിന്ദപ്പിള്ളയുടെ മരണം മൂലം നമുക്ക് ഉണ്ടായിട്ടുള്ളത്. രാഷ്ട്രീയ പ്രവർത്തകൻ എന്നതിനൊടൊപ്പം എഴുത്തുകാരൻ, പ്രാസംഗികൻ, പത്രാധിപർ എന്നിങ്ങനെ ബഹുമുഖ പ്രതിഭയായിരുന്ന പി. ഗോവിന്ദ പ്പിള്ളയുടെ നിര്യാണത്തോടെ ആഴത്തിലുള്ള വിജ്ഞാനശേഖരം സമൂഹ ത്തിലെ സാധാരണ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിച്ച മികച്ച, സൗഹൃദങ്ങൾക്ക് ഉടമയായിരുന്ന ഒരു ധിഷണാശാലിയെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**ആർ. പ്രകാശം**

മുൻ നിയമസഭാംഗം ആർ. പ്രകാശം 2012 സെപ്റ്റംബർ 8-ന് അന്തരിച്ചു. തിരുവനന്തപുരം ജില്ലയിൽ പി. എം. രാമന്റെയും എ. ഭാരതിയു ടെയും മകനായി 1927 മാർച്ച് 22-ന് ആർ. പ്രകാശം ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ വിദ്യാർത്ഥിയായിരിക്കെയാണ് ആർ. പ്രകാശം രാഷ്ട്രീയ പ്രവർത്തനരംഗത്ത് എത്തുന്നത്. മദ്രാസിൽ നിന്നും പുന്നപ്ര-വയലാർ സമര രംഗത്തേയ്ക്കുള്ള വിദ്യാർത്ഥി ജാഥയിൽ ആർ. പ്രകാശം പങ്കെടുത്തിട്ടുണ്ട്. 1946-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ ആർ. പ്രകാശം പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരെയും തൊഴിലാളികളേയും സംഘടിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള സമര ങ്ങളിലും സജീവ പങ്കുവഹിച്ചു. 1953-ലും 1956-ലും അറ്റിങ്ങൽ നഗരസഭ യുടെ അദ്ധ്യക്ഷനായിരുന്ന ആർ. പ്രകാശം 1954-ൽ തിരു-കൊച്ചി നിയമസഭ യിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1957-ൽ ആറ്റിങ്ങൽ നിയോജകമണ്ഡല ത്തിൽ നിന്നും സി.പി.ഐ. പ്രതിനിധിയായി അദ്ദേഹം ഒന്നാം കേരള നിയമ

സഭയിൽ അംഗമായി. കേരള യൂണിവേഴ്സിറ്റി സെനറ്റ്, ആർബിട്രേഷൻ ബോർഡ്, മുനിസിപ്പൽ ലോ യൂണിഫിക്കേഷൻ കമ്മിറ്റി, മിനിമം വേജസ് കമ്മിറ്റി എന്നിവയിൽ അംഗം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ചെയർമാൻ, കായിക്കര ആശാൻ സ്മാരകത്തിന്റെ സ്ഥാപക പ്രസിഡന്റ് തുടങ്ങിയ നിലകളിൽ ആർ. പ്രകാശം പ്രവർത്തിച്ചിട്ടുണ്ട്. സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ സജീവമായിരുന്ന ആർ. പ്രകാശം 'വ്യ വസായബന്ധത്തിനുള്ള മുഖവുര', 'കാലത്തിനൊത്ത പോലീസ് ' എന്നിവ യടക്കം ആറോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മകൾ ശ്രീമതി ജമീലാ പ്രകാശം ഈ നിയമസഭയിൽ അംഗമാണ്. 1992-ലെ ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡിന് അർഹനായ ആർ. പ്രകാശത്തിന്റെ നിര്യാണത്തോടെ മികച്ച ഒരു സാമൂഹ്യ-സാസ്കാരിക-രാഷ്ട്രീയ പ്രവർത്തക നെയാണ് നഷ്ടമായിട്ടുള്ളത്.

## എ. അലിഹസ്സൻ

മുൻ നിയമസഭാംഗം എ. അലിഹസ്സൻ 2012 ആഗസ്റ്റ് 1-ന് അന്തരിച്ചു. തിരുവനന്തപുരം ജില്ലയിലെ വടശ്ശേരികോണത്ത് അബ്ദുൾ റഹിമാന്റെയും മുഹമ്മദ് ഉമ്മാളിന്റെയും മകനായി 1930-ന് എ. അലിഹസ്സൻ ജനിച്ചു. വിദ്യാർത്ഥിയായിരിക്കെ സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെ രാഷ്ട്രീയ പ്രവർത്തനമാരംഭിച്ച എ. അലിഹസ്സൻ 1958-ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനായി രാഷ്ട്രീയത്തിൽ സജീവമായി. 1964 മുതൽ ദീർഘകാലം ചെമ്മരുതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ച എ. അലിഹസ്സന്റെ നേതൃത്വത്തിൽ ദേശീയതലത്തിലും സംസ്ഥാന തലത്തിലു മുള്ള നിരവധി പുരസ്കാരങ്ങൾ ചെമ്മരുതി പഞ്ചായത്തിന് നേടിയെടുക്കാ

നായി. 1996-ൽ വർക്കല നിയോജകമണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം) പ്രതിനിധിയായി പത്താം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എ. അലിഹസ്സൻ വർക്കല നിയോജകമണ്ഡലത്തിന്റെ സമഗ്രമായ വികസന ത്തിനായി മികച്ച പരിശ്രമം കാഴ്ചവയ്ക്കുകയുണ്ടായി. സി.പി.ഐ.(എം) വർക്കല ഏര്യാ കമ്മിറ്റി അംഗം, ഏര്യാ കമ്മിറ്റി സെക്രട്ടറി, ജില്ലാ കമ്മിറ്റി അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള എ. അലിഹസ്സൻ കിളിമാനൂർ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെ പ്രസിഡന്റുമായിരുന്നു. ഇടവ മുസ്ലീം ഹൈസ്ക്കൂളിൽ ദീർഘകാലം അദ്ധ്യാപകനായും അലിഹസ്സൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അദ്ദേഹം എന്നും ബദ്ധശ്രദ്ധനായിരുന്നു. ഹൈസ്ക്കൂൾ പഠനകാലത്ത് അദ്ദേഹത്തിന്റെ വിദ്യാർത്ഥിയായിരുന്ന കാലം കൃതജ്ഞതാപൂർവ്വം ചെയർ ഓർക്കുന്നു. മികച്ച ഒരു പൊതുപ്രവർത്തകനാ യിരിക്കെ മാതൃകാ അദ്ധ്യാപകനായും അറിയപ്പെട്ട എ. അലിഹസ്സന്റെ നിര്യാണത്തോടെ പൊതുപ്രവർത്തനരംഗത്ത് ലാളിത്യവും വിശുദ്ധിയും കാത്തുസൂക്ഷിച്ച ഒരു മനുഷ്യസ്നേഹിയായ നേതാവിനെയാണ് നമുക്ക് നഷ്ടമായത്.

## പി. വി. വർഗ്ഗീസ് വൈദ്യർ

മുൻ നിയമസഭാംഗം പി. വി. വർഗ്ഗീസ് വൈദ്യർ 2012 സെപ്റ്റംബർ 16 -ന് അന്തരിച്ചു. മൂവാറ്റുപുഴ കുന്നയ്ക്കാൽ വാളകത്ത് പനയ്ക്കൽ വർക്കി യുടെയും അന്നമ്മയുടെയും മകനായി 1922 നവംബർ 9-ന് പി.വി.വർഗ്ഗീസ് വൈദ്യർ ജനിച്ചു. വിദ്യാർത്ഥി സമരങ്ങളിലൂടെ രാഷ്ട്രീയ പ്രവർത്തന രംഗ ത്തെത്തിയ അദ്ദേഹം ക്വിറ്റ് ഇൻഡ്യാ സമരത്തിലൂടെയും ഭൂമി ഒഴിപ്പിക്കൽ

സമരങ്ങളിലൂടെയും രാഷ്ട്രീയത്തിൽ സജീവമായി. രണ്ട് തവണ മീനങ്ങാടി പഞ്ചായത്ത് പ്രസിഡന്റായിരുന്ന വർഗ്ഗീസ് വൈദ്യർ 1996-ൽ സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം) പ്രതിനിധി യായി പത്താം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ജനകീയ പ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിക്കുന്നതിൽ വർഗ്ഗീസ് വൈദ്യർ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. സി.പി.ഐ.(എം) വയനാട് ജില്ലാ സെക്രട്ടറിയുടെ ചുമതല വഹിച്ചിട്ടുള്ള അദ്ദേഹം സി.പി.ഐ.(എം) ജില്ലാ സെക്രട്ടേറിയറ്റ് അംഗം, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചെയർമാൻ, കെ.എസ്.കെ.റ്റി.യു ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അംഗം, വയനാട് ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ജനകീയ സമരങ്ങളിൽ പങ്കെടുത്ത് നിരവധി തവണ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ സഹ കരണ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച പി. വി. വർഗ്ഗീസ് വൈദ്യരുടെ നിര്യാണത്തോടെ മികച്ച ഒരു സഹകാരിയേയും കർഷക തൊഴിലാളി നേതാവിനേയുമാണ് നമുക്ക് നഷ്ടമായത്.

**കെ.ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്**

മുൻ നിയമസഭാംഗം കെ.ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് 2012 സെപ്റ്റംബർ 20-ന് അന്തരിച്ചു. ചങ്ങനാശ്ശേരി പുഴമാത് കുമാരമംഗലത്ത് കെ. എ. കുട്ടൻ നമ്പൂതിരിപ്പാടിന്റെയും സാവിത്രി ദേവിയുടെയും മകനായി 1924 മേയ് 27-ന് കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് ജനിച്ചു. അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം 1954-ൽ ട്രാൻസ്പോർട്ട് സമര ത്തിലും കർഷക തൊഴിലാളി സമരത്തിലും പങ്കെടുക്കുകയും മദ്ധ്യ

തിരുവിതാംകൂറിൽ തൊഴിലാളി പ്രയത്നങ്ങൾക്ക് അടിത്തറ പാകുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്തു. 1961-ൽ ചങ്ങനാശ്ശേരി നഗരസഭാ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. 1967-ൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും സി.പി.ഐ പ്രതിനിധിയായി മൂന്നാം കേരള നിയമസഭ യിൽ അംഗമായി. നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി യുടെ ചെയർമാനായി ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചു. ശ്രീശങ്കരാ ട്രസ്റ്റ് ചെയർമാൻ, ഐരാപുരം ശ്രീ.വിദ്യാപീഠം മാനേജർ തുടങ്ങിയ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. കെ. ജി. നീലകണ്ഠൻ നമ്പൂതിരി പ്പാടിന്റെ നിര്യാണത്തോടെ പ്രമുഖനായ ഒരു അഭിഭാഷകനേയും തൊഴിലാളി നേതാവിനെയുമാണ് നമുക്ക് നഷ്ടമായത്.

## <u>കെ. പി. രാഘവപൊതുവാൾ</u>

മുൻ നിയമസഭാംഗം കെ. പി. രാഘവ പൊതുവാൾ 2012 ഒക്ടോബർ 18 -ന് അന്തരിച്ചു. കണ്ണൂർ ജില്ലയിൽ കെ.വി. ഗോവിന്ദൻ നായരുടെയും കെ. പി. ലക്ഷി അമ്മയുടെയും മകനായി 1928 ജൂൺ 15-ന് കെ. പി. രാഘവ പൊതുവാൾ ജനിച്ചു. വിദ്യാർത്ഥി സംഘടനയായ സ്റ്റുഡന്റ്സ് യൂണിയനി ലൂടെ പൊതു പ്രവർത്തനരംഗത്തെത്തിയ കെ.പി.രാഘവപൊതുവാൾ 1947 -ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1967-ൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം) പ്രതിനിധിയായി മൂന്നാം കേരള നിയ മസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കെ. പി. രാഘവപൊതുവാൾ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായി ശ്രദ്ധേയമായ സേവനമാണ് കാഴ്ചവച്ചത്. കർഷക സംഘം പ്രസിഡന്റ്, ഓൾ ഇന്ത്യാ ലോയേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ് തുടങ്ങിയ പദവികൾ

വഹിച്ചിട്ടുള്ള കെ.പി. രാഘവപൊതുവാൾ പോപ്പുലർ ജൂറിസ്റ്റ് എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്റോറിയൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. യുനെസ്കോ അവാർഡ്, തിക്കുറിശ്ശി സ്മാരക പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങൾ നേടിയിട്ടുള്ള കെ. പി. രാഘവപൊതുവാളിന്റെ നിര്യാണത്തോടെ പ്രമുഖനായ ഒരു അഭിഭാഷകനേയും മികച്ച ഒരു സംഘാടകനേയുമാണ് നമുക്ക് നഷ്ടമായത്.

## കെ. എസ്. കൃഷ്ണശാസ്ത്രി

തിരു-കൊച്ചി നിയമസഭാംഗമായിരുന്ന കെ. എസ്. കൃഷ്ണശാസ്ത്രി 2012 ആഗസ്റ്റ് 7-ന് അന്തരിച്ചു. കൊല്ലം ജില്ലയിൽ ശൂരനാട് വടക്ക് തണ്ടാശ്ശേരിയിൽ ശങ്കരന്റെയും ചക്കിയുടെയും മകനായി 1907 മേയ് 8-ന് കെ.എസ്. കൃഷ്ണശാസ്ത്രി ജനിച്ചു. സംസ്കൃതത്തിൽ മഹോപാദ്ധ്യായ ബിരുദം നേടിയ കെ.എസ്.കൃഷ്ണശാസ്ത്രിക്ക് ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലും അവഗാഹമുണ്ടായിരുന്നു. സർക്കാർ ജോലി വേണ്ടെന്നു പ്രഖ്യാപിച്ച് സാമൂഹ്യപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം പട്ടികജാതി പിന്നോക്ക വർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്തി. പ്രജാ സോഷ്യലിസ്റ്റ് പാർട്ടി അംഗമായിരുന്ന കെ.എസ്.കൃഷ്ണശാസ്ത്രി 1954-ൽ കുന്നത്തൂർ ദ്വയാംഗമണ്ഡലത്തിൽ നിന്നും തിരു-കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1954 മുതൽ 1956 വരെ അംഗമായി തുടർന്നു. സിദ്ധനർ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപക നേതാവായിരുന്നു അദ്ദേഹം. കെ.എസ്.കൃഷ്ണശാസ്ത്രിയുടെ നിര്യാണത്തോടെ പിന്നോക്ക വർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ തൽപ്പരനായിരുന്ന ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച

മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പനേരം എഴുന്നേറ്റ് നില്ക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

********